കേന്ദ്രസർക്കാരിന്റെ ബന്ധപ്പെട്ട ഏജൻസികളിൽ നിന്നും ലഭ്യമാക്കേണ്ട അംഗീകാരവും ക്ലിയറൻസും ഉൾപ്പെടെ എല്ലാ നടപടികളും നിശ്ചിത സമയത്തിനുള്ളിൽ പൂർത്തീകരിച്ച് തെരഞ്ഞെടുക്കപ്പെട്ട കൺസൾട്ടന്റ് പഠനം പൂർത്തിയാക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(4) ചാരായ നിരോധനംമൂലം തൊഴിൽ നഷ്ടപ്പെട്ടവരുടെ പുനരധിവാസം സംബന്ധിച്ച് ശ്രീ. എൽദോ എബ്രഹാം, എം.എൽ.എ.-യുടെ സബ്മിഷന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി ശ്രീ. റ്റി. പി. രാമകൃഷ്ണൻ നൽകിയ വിശദമായ മറുപടി.

20-12-1995-ലെ ജി.ഒ. (എം.എസ്.) നം. 285/95/നി.വ. ഉത്തരവനുസരിച്ച് 1-4-1996 മുതൽ ചാരായം നിരോധിച്ചുകൊണ്ട് സർക്കാർ തീരുമാനമെടുത്തിരുന്നു. അതനുസരിച്ച് അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്ത 12500 തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടുകയുണ്ടായി. പ്രസ്തുത ചാരായ തൊഴിലാളികളുടെ പുനരധിവാസത്തിന് സംസ്ഥാന സർക്കാർ തൊഴിൽ നഷ്ടപ്പെട്ട ഓരോ തൊഴിലാളിക്കും 30,000 രൂപ വീതം അടിയന്തര ധനസഹായമായും എക്സ്ഗ്രേഷ്യയായി 2,000 രൂപയും നൽകുകയുണ്ടായി. ചാരായ നിരോധനംമൂലം തൊഴിൽ നഷ്ടപ്പെട്ടവർക്കുള്ള അടിയന്തര സമാശ്വാസമെന്ന നിലയിൽ ബിവറേജസ് കോർപ്പറേഷനിലുണ്ടാവുന്ന ദിവസവേതന ഒഴിവുകളിൽ 25 ശതമാനം ഒഴിവുകൾ ഇവർക്കായി മാറ്റി വച്ചുകൊണ്ട് 20-2-2002-ലെ ജി.ഒ. (ആർ.ടി.) നമ്പർ 81/2002/നി.വ. പ്രകാരം ഉത്തരവായെങ്കിലും കോർപ്പറേഷനിലെ ഒഴിവുകളുടെ പരിമിതിയും തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികളുടെ ബാഹുല്യവും കാരണം തൊഴിൽ നൽകാൻ സാധിച്ചില്ല. തുടർന്ന് 7-8-2004-ലെ ജി.ഒ.(ആർ.ടി.) നമ്പർ 567/2004/നി.വ. ഉത്തരവുപ്രകാരം ചാരായ നിരോധനംമൂലം ജീവത്യാഗം ചെയ്ത തൊഴിലാളികളുടെ ആശ്രിതരായ 38 വയസ്സ് പൂർത്തീകരിച്ചിട്ടില്ലാത്ത ആൺമക്കൾക്ക് ബിവറേജസ് കോർപ്പറേഷനിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നൽകാൻ ഉത്തരവാകുകയും അതിന്റെ അടിസ്ഥാനത്തിൽ 266 പേർക്ക് നിയമനം നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ കോടതിവിധി പ്രകാരം 7 പേർക്ക് തൊഴിൽ നൽകുകയും ചെയ്തിട്ടുണ്ട്.

ചാരായ നിരോധനംമൂലം തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികൾക്ക് കോർപ്പറേഷനിൽ ദിവസ വേതനാടിസ്ഥാനത്തിലുള്ള ഒഴിവുകളിൽ ജോലി നൽകണമെന്ന പദ്ധതി നടപ്പാക്കണമെന്ന് ജോലി നഷ്ടപ്പെട്ട വിവിധ തൊഴിലാളികൾ നൽകിയ ഹർജി അനുവദിച്ച് നൽകിയ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ വിധിക്കെതിരെ ബിവറേജസ് കോർപ്പറേഷനും സർക്കാരും

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ നൽകിയ SLP (C) 5559/26 ആയുള്ള പ്രത്യേകാനുമതി ഹർജിയിൽ മേൽപ്പറഞ്ഞ ഹൈക്കോടതി ഉത്തരവുകൾ സ്റ്റേ ചെയ്തിട്ടുണ്ട്.

ചാരായ വിപണനം നടത്തിവന്നിരുന്ന സ്വകാര്യ കോൺട്രാക്ടർമാരുടെ കീഴിൽ ജോലി ചെയ്തിരുന്ന തൊഴിലാളികളുടെ പ്രായം, വിദ്യാഭ്യാസ യോഗ്യത തുടങ്ങിയവ പരിഗണിക്കുമ്പോൾ കോർപ്പറേഷന്റെ വിവിധ തസ്തികകളിൽ പ്രതിപാദിച്ചിട്ടുള്ള ജോലിക്ക് അവർ അർഹരല്ല. കൂടാതെ കോർപ്പറേഷനിൽ സർക്കാർ നിലവിൽ അംഗീകരിച്ചിട്ടുള്ള തസ്തികകൾ എല്ലാം പല തട്ടിലുള്ളതും വിവിധങ്ങളായ വിദ്യാഭ്യാസ യോഗ്യതയ്ക്ക് അനുസരിച്ചുള്ളതുമാണ്. ഈ വസ്തുതകൾ കണക്കിലെടുത്ത് ചാരായ നിരോധനംമൂലം തൊഴിൽ നഷ്ടപ്പെട്ടവരെ വിദ്യാഭ്യാസ യോഗ്യതയും മറ്റുമനുസരിച്ച് നിയമിക്കുന്നതിനുള്ള പ്രായോഗിക ബുദ്ധിമുട്ടുകളുണ്ട്. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 31-8-2006-ലെ WP(C) 25183/09, OP No. 2197/02 എന്നീ കേസുകളിലെ വിധിന്യായ പ്രകാരം ബിവറേജസ് കോർപ്പറേഷനിലെ ഒഴിവുകൾ പി.എസ്.സി. മുഖേനയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും മാത്രമേ നികത്തുവാൻ പാടുള്ളൂവെന്ന് നിർദ്ദേശിച്ചിരുന്നു.

കേരള അബ്കാരി വർക്കേഴ്സ് വെൽഫെയർ ഫണ്ട് സ്കീം 1990 പ്രകാരം പദ്ധതി നിലവിൽ വരുന്നതിനുതൊട്ടുമുൻപേ ഒരു സ്ഥാപനത്തിൽ തുടർച്ചയായി മൂന്നു വർഷം പൂർത്തിയാക്കിയ നിധിയിലെ അംഗത്തിനു 60 വയസ്സ് പൂർത്തിയാക്കുമ്പോൾ പെൻഷൻ ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കും എന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു. തൊഴിൽ നഷ്ടപ്പെട്ട ചാരായത്തൊഴിലാളികളോടുള്ള സാമൂഹ്യ പ്രതിബദ്ധത കണക്കിലെടുത്ത് സർക്കാർ സാമ്പത്തിക സഹായവും ആശ്രിതർക്ക് നിയമനവും നൽകിയിട്ടുള്ളതിനാൽ ചാരായം നിരോധിച്ച് 22 വർഷങ്ങൾക്കുശേഷം തൊഴിൽ നൽകണമെന്ന ആവശ്യം ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ പരിശോധിക്കുവാൻ കഴിയുകയുള്ളൂ.

---

LIBRARY ARCHIVES Kerala Legislative Assembly